സൗജന്യ മത്സര പരീക്ഷാ പരിശീലനം

212(2266) ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. പി. സി. വിഷ്ണുനാഥ് :

ശ്രീ. വി. ടി. ബൽറാം :

ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ യുവജനങ്ങൾക്കായി സൗജന്യ മത്സര പരീക്ഷാ പരിശീലന പദ്ധതി സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) വിദഗ്ധ അദ്ധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്തി സാധാരണക്കാർക്കും, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ യുവജനങ്ങൾക്കും സൗജന്യമായി മത്സര പരീക്ഷകൾക്കുള്ള പരിശീലനം നൽകി സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധതരം ജോലികൾ നേടിയെടുക്കുന്നതിന് യുവാക്കളെ പ്രാപ്തരാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

(സി) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ എംപ്ലോയ്മെന്റ് ഡയറക്ടറേറ്റുമായി സഹകരിച്ച് സൗജന്യ പി.എസ്.സി., എൽ.ഡി.സി. പരീക്ഷാ പരിശീലനവും, ബാങ്കിംഗ് (IBPS) പരീക്ഷാ പരിശീലനവും നൽകുന്ന പദ്ധതിക്ക് 2013 ഒക്ടോബർ മാസത്തിൽ തുടക്കം കുറിച്ചു. സംസ്ഥാനത്തെ 17 കേന്ദ്രങ്ങളിൽ ബാങ്കിംഗ് പരീക്ഷാ പരിശീലനവും 75 കേന്ദ്രങ്ങളിൽ എൽ.ഡി.സി. പരീക്ഷാ പരിശീലവും നടത്തുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly